## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.820** | **28.02.2018-ൽ മറുപടിക്ക്**

## ഇതരസംസ്ഥാനത്തൊഴിലാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ<br>,, പി. ഉണ്ണി<br>,, കെ.ജെ. മാക്സി<br>,, കെ. ദാസൻ : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തെ തൊഴിൽ മേഖലകളിലും വികസന രംഗങ്ങളിലും നൽകുന്ന സംഭാവനകളും സാമൂഹ്യ സാമ്പത്തിക ഘടനകളിൽ ചെലുത്തുന്ന സ്വാധീനവും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | പരിശോധനാ വിധേയമാക്കിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ ഇവരുടെ ജീവിത സാഹചര്യത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യത്തെകുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. എന്നാൽ, തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ ഒരു പൊതുവായ പഠനം നടത്തിയിട്ടുണ്ട്. തൊഴിൽവകുപ്പ് നടപ്പിലാക്കുന്ന "ആവാസ്" പദ്ധതിയിലൂടെ ഇവരുടെ വിവരങ്ങൾ ശേഖരിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. |
| (സി) | ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിലെ ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളും ലഹരി പദാർത്ഥ ഉപയോഗവും പർവ്വതീകരിച്ച് ഇവരെ സാമൂഹ്യവിരുദ്ധന്മാരായി ചിത്രീകരിച്ച് അകറ്റി നിർത്തുന്ന പ്രവണത ചില മേഖലകളിൽ കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ പ്രസ്തുത തൊഴിലാളികൾക്കിടയിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് ലഹരി പദാർത്ഥ ഉപയോഗത്തിൽ നിന്നും ഇവരെ പൂർണ്ണമായി മുക്തരാക്കുന്നതിനുള്ള എന്തെല്ലാം ശ്രമങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷത്തിലും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും വ്യാപകമായ ബോധവൽക്കരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.